# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം

2477 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവർക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണ്; ഭൂമി നൽകാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ആദിവാസികൾക്ക് ഭൂമി നൽകിയിട്ടുണ്ട്; നൽകിയ ഭൂമിയുടെ അളവും ഗുണഭോക്താക്കളുടെ എണ്ണവും ജില്ലതിരിച്ച് വിശദമാക്കുമോ;

(ഡി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭിക്കാൻ അവർതന്നെ ഭൂമി കണ്ടെത്തി അറിയിക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഭൂരഹിതരായ ആദിവാസികൾ ഇപ്രകാരം ഭൂമി സ്വയം കണ്ടെത്തി അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(എഫ്) ഇപ്രകാരം ചൂണ്ടിക്കാട്ടിയ ഭൂമി എത്രപേർക്ക് വാങ്ങി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവര്‍ഗ്ഗക്കാര്‍</u>

2478 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂരഹിതരായി വിവിധ ഭാഗങ്ങളില്‍ എത്ര പട്ടികവര്‍ഗ്ഗക്കാരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയനുസരിച്ച് എത്ര പട്ടികവര്‍ഗ്ഗക്കാര്‍ക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും എത്ര ഏക്കര്‍ ഭൂമി എവിടെയെല്ലാം അനുവദിച്ചിട്ടുണ്ടെന്നും പറയാമോ;

(ഡി) പ്രസ്തുത ഭൂമിക്ക് അര്‍ഹരായി എത്രപേര്‍ ബാക്കിയുണ്ടെന്നും അവര്‍ക്ക് എപ്പോള്‍ ഭൂമി അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആദിവാസികൾ നേരിടുന്ന പ്രയാസങ്ങൾ</u>

2479 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന പുതിയ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ പ്രദേശങ്ങളിൽ പുനരധിവസിപ്പിക്കപ്പെടുന്നതിന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രഖ്യാപിച്ചിട്ടുള്ള പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സമയബന്ധിതമായി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ആദിവാസിമേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ

2480 ശ്രീ. സി. കെ. സദാശിവൻ
,, കെ. വി. വിജയദാസ്
ശ്രീമതി കെ. കെ. ലതിക
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസിമേഖലയിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ എണ്ണം വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(സി) നിയമനനിരോധനത്തിന്റെയും, തസ്തിക വെട്ടിച്ചുരുക്കലിന്റെയും, സംവരണതത്വം അട്ടിമറിക്കപ്പെടുന്നതിന്റെയും ഭാഗമായി ഈ മേഖലയിലുള്ളവർക്കു തൊഴിൽ ലഭ്യമാകുന്നതിൽ കുറവു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സ്വയംഭരണാവകാശം നൽകുന്ന തുവഴി ഇത്തരം സ്ഥാപനങ്ങളിൽ സംവരണം അട്ടിമറിക്കപ്പെടുമെന്ന കാര്യം പട്ടികവർഗ്ഗക്ഷേമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ആദിവാസികൾക്കു കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനു പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി</u>

2481 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനാവകാശ നിയമപ്രകാരം എത്ര ആദിവാസികൾക്ക് ഭൂമി നൽകിയെന്നറിയാമോ; വ്യക്തമാക്കുമോ;

(ബി) വനാവകാശ നിയമപ്രകാരം കേരളത്തിൽ ആദിവാസികൾ സമർപ്പിച്ച മുഴുവൻ അപേക്ഷകളിലും തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ടോ എന്നറിയാമോ; വിശദമാക്കാമോ;

(സി) ഏതെല്ലാം ജില്ലകളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസികൾക്ക് ഭൂമി വിലയ്ക്കെടുത്തു നൽകുന്നതിന് വേണ്ടി അനുവദിച്ച '50' കോടി രൂപ ഉപയോഗിച്ച് എത്ര പേർക്ക് ഭൂമി വാങ്ങിനൽകിയിട്ടുണ്ട്; തുക പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ബാക്കിത്തുകയുടെ വിശദാംശം നൽകാമോ;

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>വാച്ചുമരം ആദിവാസി കോളനി ഭൂമി</u>

2482

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ചാലക്കുടി മണ്ഡലത്തില്‍പ്പെട്ട അതിരപ്പള്ളി പഞ്ചായത്തിലെ വാച്ചുമരം ആദിവാസി കോളനി നിവാസികള്‍ക്ക് വീട് വയ്ക്കുന്നതിനും, കൃഷി ചെയ്യുന്നതിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി ചെങ്ങോട്ടുമല ആദിവാസി കോളനിക്ക് കുടി വെള്ള പദ്ധതി</u>

2483 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ചെങ്ങോട്ടുമല ആദിവാസി കോളനിക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതി സംബന്ധിച്ച തുടർനടപടി അറിയിക്കാമോ;

(ബി) ഇതിനുവേണ്ടി തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പോഷകാഹാരക്കുറവുമൂലമുള്ള മരണങ്ങൾ</u>

2484 ശ്രീ. കെ. രാധാകൃഷ്ണൻ
,, ബി. സത്യൻ
,, കുഞ്ഞമ്മത് മാസ്റ്റർ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗങ്ങളിൽപ്പെട്ട ജനങ്ങൾക്ക് മതിയായ ഭക്ഷണവും ആരോഗ്യസംരക്ഷണവും ലഭ്യമാക്കുന്നതിൽ സർക്കാരിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിട്ടുള്ളതായി അറിയുമോ;

(ബി) പോഷകാഹാരക്കുറവു മൂലവും ആവശ്യമായ ചികിത്സ കിട്ടാതെയും അട്ടപ്പാടിയിലും മറ്റ് ആദിവാസി മേഖലകളിലും നിരവധി പേർ മരണമടയുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം മരണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുമ്പോഴും തുടർച്ചയായി മരണങ്ങൾ സംഭവിക്കാനിടയാക്കിയ സാഹചര്യങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ആദിവാസികൾക്ക് ആരോഗ്യബോധവൽക്കരണം

2485 ശ്രീ. വി. പി. സജീന്ദ്രൻ
'' ആർ. സെൽവരാജ്
'' എം. എ. വാഹീദ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം പരിശീലനങ്ങളാണ് പ്രമോട്ടർമാർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ആദിവാസികളോടുള്ള ആരോഗ്യമേഖലയുടെ അവഗണന</u>

2486 ശ്രീ. എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളോടുളള ആരോഗ്യമേഖലയുടെ അവഗണന കാരണം നവജാത ശിശുക്കളടക്കം ആദിവാസികളുടെ മരണസംഖ്യ വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി മേഖലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ചികിത്സാ പദ്ധതിയുടെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി മേഖലയിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതും മരുന്നുകളില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മതിയായ പോഷകാഹാരം ലഭ്യമാകാത്തതിനാൽ ആദിവാസി മേഖലകളിലെ കുട്ടികളും അമ്മമാരും നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രമോട്ടർ പദ്ധതി</u>

2487 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ, ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് വിനിയോഗിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ ദുർബല ഗോത്ര വിഭാഗങ്ങളുടെ ആരോഗ്യപരിപാലനം

2488 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യപരിപാലനം ഉറപ്പാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിനായി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതെല്ലാം നിർവ്വഹണ ഏജൻസികളാണ് ജില്ലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>അഗസ്ത്യവനത്തിലെ ആദിവാസികളിലെ പോഷകാഹാരക്കുറവ്</u>

2489 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യവനത്തിലെ എഴുപതു ശതമാനത്തിലധികം ആദിവാസികൾക്കും, പോഷകാഹാരക്കുറവു കാരണം ഉണ്ടാകുന്ന വിളർച്ചരോഗം (അനീമിയ) ബാധിച്ചതായി ആരോഗ്യവകുപ്പ് കണ്ടെത്തിയതു പരിശോധിച്ചിട്ടുണ്ടോ;

(ബി) സാമ്പിൾ സർവ്വേ റിപ്പോർട്ട് മെഡിക്കൽ സംഘം കൈമാറിയിട്ടുണ്ടോ; എങ്കിൽ, അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഊരുകളിൽ താമസിക്കുന്നവർക്ക് പോഷകാഹാരം അടക്കമുള്ള പ്രത്യേകഭക്ഷണം നൽകാൻ നടപടി സ്വീകരിക്കണമെന്ന മെഡിക്കൽ സംഘത്തിന്റെ ശുപാർശ അവഗണിച്ചത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.01.2014–ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശുമരണം</u>

2490 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി ഊരുകളിൽ നവജാത ശിശുമരണം ഇപ്പോഴും തുടരുന്നുണ്ടോ;

(ബി) അട്ടപ്പാടി പാക്കേജ് നടപ്പിലാക്കിയതിനുശേഷം എത്ര നവജാത ശിശുക്കളാണ് മരണപ്പെട്ടിട്ടുള്ളത്;

(സി) ഇതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ വംശീയ വൈദ്യന്‍മാരുടെ പഠനഗവേഷണങ്ങള്‍

2491 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാരിലെ വംശീയ വൈദ്യന്‍മാര്‍ക്ക് പഠന ഗവേഷണങ്ങള്‍ക്കായി എത്ര തുക ഈ സര്‍ക്കാര്‍ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം സാമ്പത്തികവര്‍ഷാടിസ്ഥാനത്തില്‍ ലഭ്യമാക്കാമോ;

(ബി) ഇത്തരം ഗവേഷണങ്ങള്‍ക്കായി വകുപ്പുതലത്തില്‍ പ്രത്യേകമായ ഗവേഷണ കേന്ദ്രങ്ങള്‍ നിലവിലുണ്ടോ; എങ്കില്‍ അവ സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പട്ടികവര്‍ഗ്ഗക്കാരിലെ വംശീയ വൈദ്യന്‍മാരുടെ ഗവേഷണ ഫലമായി ആരോഗ്യരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങള്‍ ഉണ്ടായിട്ടുണ്ടോ; എങ്കില്‍ ആയവ സംബന്ധിച്ച വിശദാംശങ്ങള്‍ അറിയിക്കുമോ;

(ഡി) പഠനഗവേഷണങ്ങള്‍ക്കായി അനുബന്ധ വകുപ്പുതല ഗവേഷണകേന്ദ്രങ്ങള്‍ ഇല്ലായെങ്കില്‍ അത്തരത്തിലുള്ള സ്ഥാപനങ്ങള്‍ ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ആദിവാസി പാരമ്പര്യ വൈദ്യവ്യാപനം</u>

2492 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി പാരമ്പര്യവൈദ്യ വ്യാപനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ;

(ബി) എല്ലാ ജില്ലകളിലും ആദിവാസി പാരമ്പര്യവൈദ്യം ലഭ്യമാകുന്ന തരത്തിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഒഴിവുകൾ</u>

2493 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവ എന്നത്തേക്ക് നികത്തുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് വിതരണം

2494 ശ്രീ. ഇ. കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെടുന്ന കോളജ് വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് നല്‍കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നല്‍കുമോ;

(ബി) കോഴിക്കോട്, വയനാട് ജില്ലകളിലെ കോളജുകളില്‍ ഇവ പൂര്‍ണ്ണമായി വിതരണം നടത്തിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇവ വിതരണം നടത്താത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥര്‍ക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(ഡി) നടപടിക്രമങ്ങള്‍ പൂര്‍ത്തീകരിച്ച് പ്രസ്തുത വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് എന്നത്തേക്ക് നല്‍കാന്‍ കഴിയും എന്നറിയിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങള്‍</u>

2495 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങള്‍ പൂര്‍ണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഏതു കാലഘട്ടം വരെയുള്ളതാണ് വിതരണം ചെയ്തിട്ടുള്ളത്; കുടിശ്ശിക വരാനിടയായ കാരണം വ്യക്തമാക്കുമോ;

(സി) സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കൃത്യമായി ലഭിക്കാത്തതിനാല്‍ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ തുടര്‍പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ ഭക്ഷണസാധനങ്ങളില്‍ വരുത്തിയ കുറവ്

2496 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്ക് ഹോസ്റ്റലുകളിലെയും എം.ആര്‍.എസ് കളിലെയും വിദ്യാര്‍ത്ഥികള്‍ക്ക് നല്‍കിവരുന്ന ഭക്ഷണ സാധനങ്ങളുടെ അളവ് ഗണ്യമായി കുറച്ചിരിക്കുകയാണെന്നത് പരിശോധിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി ഹോസ്റ്റലിലെ വിദ്യാര്‍ത്ഥികള്‍ അര്‍ദ്ധപട്ടിണിയിലാണ് എന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) ഇതു തുടരുന്നത് പട്ടിക വര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

ഗോത്ര ജ്യോതി പദ്ധതി

2497 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാൻ പദ്ധതി</u>

2498 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>''വിജയദീപം'',''ഗോത്രസാരഥി'' പദ്ധതികള്‍ പരാജയപ്പെടാനുള്ള സാഹചര്യം</u>

2499 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഏര്‍പ്പെടുത്തിയ ''വിജയ ദീപം'',''ഗോത്ര സാരഥി'' പദ്ധതികള്‍ പരാജയപ്പെടാനുളള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വ്യകതമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികള്‍ പരാജയപ്പെട്ടതിനെ തുടര്‍ന്ന് വിദ്യാര്‍ത്ഥികളുടെ പഠനം മുടങ്ങിയത് സര്‍ക്കാരിന്റെ പിടിപ്പുകേടുകൊണ്ടാണെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വയനാട്ടിലെ ഇടിയംവയല്‍, ഇ.എം.എസ് കോളനി, വായനാംകുന്ന് കോളനി, കൊയിലേരിക്കുന്ന് കോളനി, പൂതാനം കോളനി എന്നിവിടങ്ങളിലെ വിദ്യാര്‍ത്ഥികളുടെ പഠനം മുടങ്ങിയത് പരിഹരിക്കാന്‍ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

ഗോത്ര സാരഥി പദ്ധതി

2500 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രൈബൽ വകുപ്പ് 'ഗോത്ര സാരഥി പദ്ധതി' നടപ്പിലാക്കിയിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കുട്ടികളുടെ ഹാജർ നിലയും പഠന നിലവാരവും ഉയർത്താൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഫണ്ട് അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതി മുടങ്ങി പോയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>'കൈത്താങ്ങ്' പദ്ധതി</u>

2501

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വകുപ്പ് 'കൈത്താങ്ങ്' എന്ന പദ്ധതി എന്നു മുതലാണ് ആരംഭിച്ചത്; ഇതുവരെ എത്ര രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എത്ര കുട്ടികളെ ഈ പദ്ധതിയിലൂടെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വികസനപ്രവർത്തനങ്ങൾ</u>

2502 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എന്ത് തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്ഷേമത്തിനുള്ള തുക</u>

2503 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്ഷേമത്തിനായി 2014-2015 സാമ്പത്തിക വർഷം ധനകാര്യ കമ്മീഷൻ എത്ര തുക നീക്കിവയ്ക്കാനാണ് ശുപാർശ ചെയ്തത്;

(ബി) അടുത്ത സാമ്പത്തിക വർഷം പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നവീന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>കേരളത്തിലെ പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍</u>

2504 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള ജനസംഖ്യാ കണക്കുകള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>ഗോത്രഗ്രാമങ്ങളിൽ ഹാംലെറ്റ് ഡവലപ്മെന്റ് സ്കീം</u>

2505 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗഗ്രാമങ്ങളിൽ ഹാംലെറ്റ് ഡവലപ്മെന്റ് സ്കീം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ഇത് വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

**കേരള നിയമസഭ**
**23.01.2014–ലെ മറുപടിക്ക്**

<u>പത്തനംതിട്ട ജില്ലയിൽ 'ഹാംലറ്റ് പദ്ധതി'</u>

2506 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ പട്ടികവർഗ്ഗ സങ്കേതങ്ങളിലാണ് 'ഹാംലറ്റ്' പദ്ധതി നടപ്പാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ഏത് ഏജൻസിയാണ്;

(സി) തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത്;

(ഡി) എത്ര നാൾകൊണ്ട് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഇ) ഇതിനായി പ്രസ്തുത ഏജൻസിക്ക് എന്ത് തുകയാണ് ഇതുവരെ കൈമാറിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>ഹരിതയൗവ്വനം പദ്ധതി</u>

2507 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമബോർഡ് ഭക്ഷ്യസുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിതയൗവ്വനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

**കേരള നിയമസഭ**
**23.01.2014-ലെ മറുപടിക്ക്**

<u>യുവസംരംഭകര്‍ക്കു തുടര്‍സഹായ പദ്ധതി</u>

2508 ശ്രീ. ഷാഫി പറമ്പില്‍
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബല്‍റാം
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യുവസംരംഭകര്‍ക്കു തുടര്‍സഹായത്തിന് യുവജനക്ഷേമ ബോര്‍ഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(സി) യുവാക്കളില്‍ സംരംഭകമനോഭാവം വളര്‍ത്തി, സ്ഥാപനങ്ങളുടെ പ്രവര്‍ത്തനം സാമ്പത്തികമായി തൃപ്തികരമാക്കുന്നതുവരെ സാമ്പത്തിക-സാങ്കേതികസഹായം നല്‍കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഏതെല്ലാം സാമ്പത്തിക ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 23.01.2014-ലെ മറുപടിക്ക്

<u>പുനർജനി പദ്ധതി</u>

2509 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
# 23.01.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലയിലെ ജീവനക്കാരുടെ കുറവ്</u>

2510 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം/തൃശ്ശൂർ മൃഗശാലകളിൽ നിലവിൽ എത്ര മൃഗങ്ങൾ, പക്ഷികൾ, ഇതരയിനത്തിലുള്ള ജീവികൾ എന്നിവ ഉണ്ടെന്നുള്ള വിവരം ഇനം തിരിച്ച് എണ്ണം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം ജീവികളെ പുതിയതായി ഈ മൃഗശാലകളിലേക്ക് വാങ്ങിയിട്ടുണ്ടെന്ന വിവരം, ആയതിലേക്കായി ചെലവായ തുക സഹിതം പ്രത്യേകമായി ലഭ്യമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത മൃഗശാലകളിൽ ചത്തുപോയിട്ടുള്ള ജീവികളുടെ വിവരം, ആയതിനുള്ള കാരണങ്ങൾ സഹിതം അറിയിക്കുമോ ;

(ഡി) ഈ മൃഗശാലകളിലെ നിലവിലുള്ള അനുവദനീയ തസ്തിക/നിലവിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) മൃഗശാലകളുടെ സംരക്ഷണത്തിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം പരിമിതമാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 14.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.